# (കാട്ടിലെ മഴ)

| പ്രവർത്തനം | വിലയിരുത്തൽ |
| --- | --- |
| ആമുഖം കുട്ടികളുമായി ചർച്ചയിലൂടെ | |
| **ഒരു തൈ നടാം** | |
| പൂക്കളെ കുറിച്ചുള്ള ഒരു കവിത Tr ചൊല്ലുന്നു / കേൾപ്പിക്കുന്നു. തുടർന്ന് പാഠഭാഗത്തിലെ ഒരു തൈ നടാം എന്ന കവിതയിലേക്ക് പ്രവേശിക്കുന്നു. ഒരു തൈ നടാം audio clip / നിർദ്ദിഷ്ടഭാഗം കുട്ടികൾ അവതരിപ്പിക്കുന്നു. | ഒരു തൈ നടാം audio clip കേൾപ്പിക്കുകയും, കുട്ടികളും Tr. ഉം സംഘമായും വ്യക്തിഗതമായും ചൊല്ലി അവതരിപ്പിച്ചു. |
| • കവിതയിൽ പറയുന്ന കാര്യങ്ങൾ ചർച്ച<br>→ ഏതു ദിവസവുമായി ബന്ധപ്പെട്ടാണ് ഈ കവിത നാം ചൊല്ലാറുള്ളത്?<br>→ എന്ത് സന്ദേശമാണ് ഈ കവിത നൽകുന്നത്<br>→ കവിതയിൽ എന്തെല്ലാം കാര്യങ്ങളാണ് പറയുന്നത്?<br>→ നിങ്ങൾ വൃക്ഷത്തൈകൾ നടാറുണ്ടോ? | റിയ ബഷീർ, ഹർഷ, ഷിയ, ഷക്കീൽ, ഫിനിയ, ശാലോം, ഉജ്ജ്വൽ, ക്രിസ്, ഹഫീന തുടങ്ങിയ കുട്ടികൾ കവിതയിലെ ആശയം പങ്കുവച്ചു. |

→ മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

→ പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം എന്താണ്?

നമ്മുടെ ഹരിതാഭ വീണ്ടെടുക്കുന്ന സന്ദേശം. ചൂടിൽ വെന്തുരുകുന്ന ഈ സമയത്ത് വരും തലമുറകൾക്കായെങ്കിലും ഒരു തൈ നടണമെന്ന് എല്ലാവരെയും ചിന്തിപ്പിക്കുന്ന ഗാനം.

## കാട്ടിലെ മഴയിലേക്ക് :

- "ഞാൻ മഴയ്ക്കായ് തൊഴുതു നടന്നു" എന്ന വരി ചർച്ച ചെയ്യുന്നു.
  - → എന്തുകൊണ്ടായിരിക്കാം കവയിത്രി ഇങ്ങനെ പറഞ്ഞത്?
  - → മരങ്ങളും കാടും മഴയെ എങ്ങനെ സഹായിക്കുന്നു?
  - → പരസ്പര ബന്ധം - ചർച്ച
- മഴ കണ്ടിട്ടുണ്ടോ? കൊണ്ടിട്ടുണ്ടോ?
  - → കുട്ടികളുടെ മഴയനുഭവം പറയട്ടെ

കുട്ടികൾ പറഞ്ഞ കാര്യങ്ങളും, Tr's' Version-ഉം ബോർഡിൽ ക്രോഡീകരിച്ചു. കുട്ടികൾ നോട്ട് ബുക്കിൽ പകർത്തുകയും ചെയ്തു.

പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ചും, കാട്, മരങ്ങൾ, പ്രകൃതി നശിപ്പിക്കരുതെന്നും കുട്ടികളെ ബോധവാന്മാരാക്കി.

→ മഴ നനഞ്ഞത്, മഴയത്ത് കളിച്ചത്
→ മഴ വരുമ്പോൾ പ്രകൃതിയിലുണ്ടാകുന്ന മാറ്റം

സാഹിത്യകൃതികളിലെ ഭാഗം വായിച്ചപ്പോൾ കുട്ടികൾ, ആശയോപരമായും കേട്ടിരുന്നു.

• ചില സാഹിത്യ കൃതികളിലെ ഭാഗം പരിചയപ്പെടുത്തുന്നു.

മഴപെയ്യുന്ന പെയ്യലില് - എം.ടി
നനയാത്ത മഴ - പി.യ.എം.എസ്
പെയ്യുന്ന കാരുണ്യം - സുഗതകുമാരി
[HB Pg : 9]

കാട്ടിലെ മഴയെക്കുറിച്ച് സുഗതകുമാരി ടീച്ചർ പറഞ്ഞത് മനസിലാക്കിയല്ലോ മറ്റൊരു ലേഖനഭാഗം വായിക്കാം

• പാഠഭാഗം വായന [മൗനവായന]
  • ചെറു സംഘങ്ങളായി തിരിഞ്ഞ് പാഠഭാഗം ഉറക്കെ വായിക്കുന്നു

ഓരോ ഗ്രൂപ്പിലും തത്സമയ പിന്തുണ

  • എല്ലാ കുട്ടികൾക്കും വായിക്കാൻ അവസരം നൽകുന്നു.
  • വായിക്കാനറിയാത്തവർക്ക് ആവശ്യമായ പിന്തുണ Tr/pupil നൽകുന്നു.

വായന സൂചകങ്ങൾ

ഉച്ചാരണസ്ഫുടത
നിർത്തി നിർത്തി വായന
ആശയം മനസിലാക്കിയുള്ള വായന

- ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ വീതം ക്ലാസിൽ പൊതുവായി ഉറക്കെ വായിക്കുന്നു.

ആരാണ് ഏറ്റവും നന്നായി വായിച്ചത്? എന്തുകൊണ്ട്?

- ഉറക്കെ വായിച്ചു
- അക്ഷരസ്ഫുടത
- 

പൊതുചർച്ചയിലൂടെ ക്രോഡീകരിക്കുന്നു

കണ്ടെത്താം... പറയാം:

'പുഴയ്ക്ക് ജീവൻ വച്ചുതുടങ്ങിയിരിക്കുന്നു'

'മരങ്ങളിൽ നിലാവ് പെയ്തിറങ്ങിയതോടെ മഴയ്ക്ക് നിറക്കൂട്ടായി'

'കുറുമ്പർ കാട്ടുന്ന ആനക്കൂട്ടം കണക്കു മേഘങ്ങൾ' < ഈ വാക്യങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു >

മഴ കാട്ടിലുണ്ടാക്കുന്ന കാഴ്ചകളാണ് ഈ വാക്യങ്ങളിലൂടെ വ്യത്യസ്തമായി അവതരിപ്പിച്ചിട്ടുള്ളത്. ഇതുപോലെ ഒട്ടേറെ വാക്യങ്ങൾ പാഠഭാഗത്ത് നിന്ന് കണ്ടെത്തുന്നു. അവയുടെ ആശയം പറഞ്ഞവതരിപ്പിക്കുകയും എഴുതി വയ്ക്കുകയും ചെയ്യുന്നു.

കുട്ടികളെ മഴ, പുഴ, മരം, നിലാവ് എന്നിങ്ങനെ ഗ്രൂപ്പുകളായി തിരിക്കുന്നു.

→ പാഠം ഗ്രൂപ്പിൽ വായിച്ച് ഈ ഭാഗം കണ്ടെത്തുന്നു.

→ അവ പാഠഭാഗത്തിന് നൽകുന്ന പ്രത്യേകതകൾ കണ്ടെത്തുന്നു

→ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുന്നു
ഉദാ: കാട്ടിൽ കന്നി മഴ വന്നുവനമാണ് കൊണ്ടുവരുന്നത്

→ ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു

→ പൊതു ചർച്ച

→ ചർച്ചയിൽ വരേണ്ടവ

- ജീവൻ വച്ച് തുടങ്ങുക
- മഴയ്ക്ക് നിറക്കൂട്ടാവുക
- കുറുമ്പ് കാട്ടുന്ന ആനക്കുട്ടിയും മേഘവും തമ്മിലുള്ള സാദൃശ്യം
- കന്നി മഴ പെയ്തപ്പോൾ കാടിനുണ്ടായ മാറ്റങ്ങൾ
- അവതരണത്തിലെ ഭംഗി

മഴയഴക് <വർണന തയ്യാറാക്കൽ>

- വിവിധ എഴുത്തുകാരുടെ മഴയനുഭവങ്ങൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്
- പി. കുഞ്ഞിരാമൻ നായരുടെ 'കാലവർഷമേ നന്ദി' എന്ന കവിതയിലെ ഭാഗമാണ് എങ്ങും കണ്ടു മാമലകൾ

- വരികളുടെ സവിശേഷതകൾ ചർച്ച
- ആദ്യമായി വേനൽമഴ പെയ്തപ്പോൾ വീടിനു ചുറ്റുമുണ്ടായ മാറ്റങ്ങൾ നോട്ട്ബുക്കിൽ കുറിക്കുന്നു.
- തുടർന്ന് വർണന തയ്യാറാക്കാനാവശ്യപ്പെടുന്നു. <വ്യക്തിഗതം>
- ഏതാനും കുട്ടികൾക്ക് വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു.

- മുറ്റത്ത് മഴവെള്ളം നിറഞ്ഞു
- പുതുമണ്ണിന്റെ ഗന്ധം
- തവളകൾ വന്നു
- ഈയാംപാറ്റകൾ
- കിളികൾ കൂട്ടിൽ
- പുതുനാമ്പുകൾ വന്നു
- ഇലകൾക്ക് പുതുജീവൻ വന്നു.

— ഇതൊക്കെ കുട്ടികൾ പറഞ്ഞ അനുഭവങ്ങളാണ്.

**വർണന തയ്യാറാക്കുമ്പോൾ**

- ഉചിതപദങ്ങളുടെ തിരഞ്ഞെടുപ്പ്
- കുട്ടികൾ പരിചയപ്പെട്ട 'കുറുമ്പ് കാട്ടുന്ന ആനക്കൂട്ടം പോലെ മേഘങ്ങൾ' - ഇത്തരം സാദൃശ്യപ്പെടുത്തലുകൾ
- മറ്റുള്ളവരെ കേൾക്കാൻ പ്രേരിപ്പിക്കുന്ന വിധത്തിലുള്ള ഭാഷ

**ഒരുക്കവും കൂട്ടായ്മയും :**

ഒളിച്ചിരിക്കാൻ ഒരിടം - ഒളിയിടം

- ഇരുൾ വീണു തുടങ്ങിയ കാട്ടിൽ ഒളിച്ചിരിക്കാൻ ഒരിടം കണ്ടെത്താൻ ഏറെ പണിപ്പെടുക.

- ഇരുൾവീണു തുടങ്ങിയ കാട്ടിൽ ഒളിയിടം കണ്ടെത്താൻ ഏറെ പണിപ്പെട്ടു.

ഈ വാക്യങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്? ചർച്ച ചെയ്യുന്നു.
കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗങ്ങൾ പാഠഭാഗത്ത് നിന്ന് കണ്ടെത്തുന്നു

സമസ്തപദങ്ങളെ അർത്ഥവ്യത്യാസം വരാതെ വേർതിരിച്ചു പറയാനും രണ്ടു പദങ്ങളെ വേർതിരിച്ചു പറയാനും പരിശീലിക്കുന്നു

ഒളിച്ചിരിക്കാൻ ഒരിടം - ഒളിയിടം

പദങ്ങളെ ചേർത്തു പറയുന്നതു കൊണ്ടുള്ള ഗുണങ്ങൾ കൂടി ചർച്ച...

- വായനാസുഖം
- സമയലാഭം
- വാക്യദൈർഘ്യം കുറയ്ക്കാം


കൂടുതൽ

ഉദാ: കാട്ടിൽ മഴയുടെ ഇരമ്പൽ കേട്ടപ്പോൾ കരിയിലകളുടെ കലപില-യാണെന്ന് കരുതി.

## മിണ്ടിയും പറഞ്ഞും :

കടുത്ത വേനലിനു ശേഷം വന്ന മഴ കാടിനെ മനോഹരമാക്കി. മഴയും കാടും തമ്മിൽ എന്തെല്ലാം വർത്തമാനങ്ങൾ പറഞ്ഞിട്ടുണ്ടാകും?

▸ സൂചനകൾ




- വേനലിലെ സഹിക്കാനാവാത്ത ചൂട്
- ദാഹനീര് ലഭിക്കാത്ത അവസ്ഥ
- കരിഞ്ഞു ചെടികളുടെ കഷ്ടത
- ശരീരമാകെ ചുട്ടുപൊള്ളുന്ന നീറ്റൽ
- മഴ വന്നപ്പോഴുള്ള ആശ്വാസം
- കാട് മുഴുവൻ പച്ചപ്പായി
- കാടിന്റെ സന്തോഷം
- കാടിന്റെ അവസ്ഥയിൽ ദു:ഖിക്കുന്നവരും
- സഹായിക്കാനായി ഓടി വന്നത്
- തുള്ളിക്കളിക്കുന്ന കരങ്ങൾ കൊണ്ട് സാന്ത്വനിപ്പിച്ചത്.
- കാടിന്റെ പച്ചപ്പിൽ സന്തോഷിക്കുന്നവ
- വിവിധ നിറങ്ങളുള്ള പൂക്കൾ വന്നു നിറയുന്നത്.
- കിളികൾ സന്തോഷിക്കുന്നത്

- എങ്ങനെ പറയും
  - ആകർഷകമാക്കണം.

(ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, ലഘു വാക്യങ്ങൾ)

- അക്ഷരം ഉൾക്കൊണ്ട് പറയണം
- ഒഴുക്ക്
-
-

➤ സംഭാഷണം തയ്യാറാക്കൽ
- ഗ്രൂപ്പിൽ അവതരണം
- മെച്ചപ്പെടുത്തൽ
- രണ്ടുപേർ ചേർന്ന് അവതരിപ്പിക്കൽ.

---

## മഴയും കാടും സംഭാഷണം (Teachers Version)

കാട് : പ്രിയപ്പെട്ട മഴേ നിന്നെ ഞാൻ കാത്തിരിക്കുന്നു. എന്താണ് ഇത്രനാൾ നീ വരാതിരുന്നത്?

മഴ : എനിക്ക് വരാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ മഴമേഘങ്ങൾ വന്നാലല്ലേ എനിക്ക് താഴേക്ക് മഴയായി പെയ്യാൻ പറ്റൂ.

കാട് : നീ കണ്ടില്ലേ മരങ്ങളും, കാടും, കുന്നുകളുമൊക്കെ ഉണങ്ങി നിൽക്കുന്നു. ഈ പുഴയൊക്കെ വറ്റി വരണ്ടിരിക്കുന്നു. എല്ലാ ജീവികളും കുടിവെള്ളത്തിനായി പരക്കം പായുകയാണ്.

മഴ: ഇനിയിപ്പോ പേടിക്കേണ്ട, ഞാൻ വന്നില്ലേ. ഞാനിനി പെയ്തോളും...

കാട്: നീ വന്നതോടുകൂടി ഞങ്ങൾക്കെല്ലാം സന്തോഷമായി. ഒത്തിരി നന്ദിയുണ്ട് മഴേ...

മഴ: നിങ്ങളുടെ സന്തോഷം കാണുമ്പോൾ എനിക്കും സന്തോഷം തോന്നുന്നു.

Teachers Version

## മഴയഴക് - വർണന

വീണ്ടും ഒരു മഴക്കാലം വന്നെത്തുന്നു. നിന്നെ മറന്നിട്ടില്ല എന്ന് ആകാശം ഭൂമിയോട് മന്ത്രിക്കുന്നു. വേനൽച്ചൂടിൽ മഴക്കൊതിച്ച പുതുനാമ്പുകൾക്ക് വലിയ സന്തോഷം. ഉറുമ്പും, പുൽച്ചാടിയും, തവളയും, വേഴാമ്പലും തിമിർത്തു പെയ്യുന്ന മഴയത്ത് പാട്ടുപാടിയും, ആനന്ദനൃത്തമാടിയും സന്തോഷിക്കുന്നു. മഴക്കാഴ്ചകളും, സംഗീതവും, ഗന്ധവും, സ്പർശവുമൊക്കെ അനുഭൂതി നൽകുന്ന ഒന്നാണ്. മഴത്തുള്ളികൾ നമ്മെ തൊടുമ്പോൾ കുളിര് കോരുന്നു. മഴ നനയുമ്പോൾ ഉള്ളിലെ ദുഃഖം അകലും, നവോന്മേഷം കൈവരും..